File No.DM1/67/2017-DMD

KERALA STATE DISASTER MANAGEMENT AUTHORITY RECEIVED 12 MAR 2018

# കേരള സർക്കാർ

## സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - സർക്കാർ വകുപ്പുകളിൽ ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ (virtual cadre) – സാമൂഹ്യ നീതി വകുപ്പിനെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ വകുപ്പ്

സ.ഉ.(സാധാ) നം./111/2018/DMD തീയതി, തിരുവനന്തപുരം, 28/02/2018

പരാമർശം:- 1. 09/09/2016-ലെ സ.ഉ(സാധാ) നം.3667/2016/ഡി.എം.ഡി നമ്പർ ഉത്തരവ്.

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 17/04/2017-ലെ ഡി.എം/414/17/ എസ്.ഡി.എം.എ നമ്പർ കത്ത്.

3. 25/11/2017-ലെ സ.ഉ(സാധാ) നം.56/2017/ഡി.എം.ഡി നമ്പർ ഉത്തരവ്.

4.സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 22.11.2017-ലെ ഡി.എം./414/17/ എസ്.ഡി.എം.എ. നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം അംഗീകരിച്ച സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ അദ്ധ്യായം 5.3 പ്രകാരം 25 വകുപ്പുകളിൽ ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ സൃഷ്ടിക്കുന്നതിനായി ഓരോ വകുപ്പിൽ നിന്നും ഒരു ജില്ലയിൽ ഒരു ഉദ്യോഗസ്ഥനെന്ന കണക്കിൽ ജില്ലാടിസ്ഥാനത്തിൽ ആകെ 14 ഉദ്യോഗസ്ഥരും, സംസ്ഥാനതലത്തിൽ

പ്രവർത്തിക്കുന്നതിനായി ഒരുദ്യോഗസ്ഥനും ആയി ആകെ 15 ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ അവരുടെ യോഗ്യതകളും വിശദാംശങ്ങളും സഹിതം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിക്ക് 31/12/2017-നു മുമ്പായി നൽകുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം ( 3 ) ഉത്തരവിൽ വ്യക്തമാക്കിയ 25 വകുപ്പുകൾ കൂടാതെ സാമൂഹ്യ നീതി വകുപ്പിൽ കൂടി ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ സൃഷ്ടിക്കേണ്ടതുണ്ടെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി പരാമർശം ( 2 ) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം ( 3 ) ഉത്തരവിലുള്ള 25 വകുപ്പുകൾ കൂടാതെ സാമൂഹ്യ നീതി വകുപ്പിൽ കൂടി ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ (virtual cadre) രൂപീകരിച്ച് ഉത്തരവാകുന്നു. ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ (virtual cadre) സൃഷ്ടിക്കുന്നതിനായി ഓരോ വകുപ്പിൽ നിന്നും ഒരു ജില്ലയിൽ ഒരു ഉദ്യോഗസ്ഥനെന്ന കണക്കിൽ ജില്ലാടിസ്ഥാനത്തിൽ ആകെ 14 ഉദ്യോഗസ്ഥരും, സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നതിനായി ഒരുദ്യോഗസ്ഥനും ആയി ആകെ 15 ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ അവരുടെ യോഗ്യതകളും വിശദാംശങ്ങളും സഹിതം വകുപ്പ് മേധാവി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

4) ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (3) ഉത്തരവിൽ വിശദമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സാമൂഹ്യ നീതി വകുപ്പ്.

ഡയറക്ടർ, സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ, പി.എം.ജി.

തിരുവനന്തപുരം- 695033

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (I&PRD).

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്

ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ എ.എസിന്

റവന്യൂവും ദുരന്ത നിവാരണവും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്,

ദുരന്ത നിവാരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ